"ഭരണഭാഷ മാതൃഭാഷ"

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം -14**

**വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-** ജീവനക്കാര്യം- ശ്രീ. രാജീവ് വി.പി.-ക്കെതിരായ അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് – സസ്പെൻഷൻ അവസാനിപ്പിച്ച് പുന:പ്രവേശനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്

**പരാമർശം** - 1) 04.03.2015-ലെ ആഫീസിലെ ഇതേ നമ്പർ ഉത്തരവ്
2) 17/12/2015-ലെ ശ്രീ. വി.പി. രാജീവിന്റെ അപേക്ഷ.
3) ഡി3-4098/2015/ഡിഐഎംഎസ് തീയതി 23-01-2016.

**ഉത്തരവ് നമ്പർ E4-2439/2016/ഡി.ഐ.എം.എസ് തീയതി,06/02/2016**

അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നിരുന്ന ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ലാബ് ടെക്നീഷ്യനായ ശ്രീ. വി.പി. രാജീവിനെതിരായി അച്ചടക്ക നടപടികൾ ആരംഭിക്കുകയും പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തുകൊണ്ടു ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അച്ചടക്ക നടപടികൾ പുരോഗമിക്കവേ, ഞാൻ 12.02.2016-ന് ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധനാണെന്ന് ടിയാൾ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ , ലാബ്ടെക്നീഷ്യനായ ശ്രീ.വി.പി. രാജീവിന്റെ സസ്പെൻഷൻ അവസാനിപ്പിച്ച് അച്ചടക്കനടപടികൾ നിലനിർത്തികൊണ്ട് ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ലാബ്ടെക്നീഷ്യനായ ശ്രീ. വി.പി രാജീവിന്റെ പ്രവർത്തന രീതിയെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഓരോമാസവും ഉചിതമാർഗ്ഗേന സ്ഥാപനമേധാവി ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. എം. ബീനത്ത്**
**ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

സ്വീകർത്താവ്
ശ്രീ. രാജീവ് .വി.പി
('അഭയം' (Registered with A/D)
ഭൂമി വാതുക്കൽ പി.ഒ
വളയം - 673 517

പകർപ്പ്
1. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി ചെറുവണ്ണൂർ
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, നോർത്ത് സോൺ, കോഴിക്കോട്.
3. ഡി3 സെക്ഷൻ/ഡി സൂപ്രണ്ട്.
4. ഫയൽ/സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

ജി.എസ്/-